(ഇ) 36 കോടിയോളം രൂപയുടെ മരുന്ന് അവന്തീസ് ഫാർമയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആ മരുന്ന് ഉപയോഗിച്ച് പേവിഷബാധയേറ്റയാൾ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇല്ല.

സർക്കാർ ആശുപത്രിയിൽ വിതരണം ചെയ്തിട്ടുള്ള പാരസെറ്റമോൾ ഗുളികയുടെ ഗുണനിലവാര റിപ്പോർട്ട്

138 (4573) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ആശുപത്രികളിലേക്ക് 2001-2002, 2002-2003 വർഷത്തിൽ പനിക്കുള്ള പാരസെറ്റമോൾ ഗുളിക എത്രവീതമായി വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ കമ്പനികളിൽ നിന്നാണ് പാരസെറ്റമോൾ ഗുളിക വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) പാരസെറ്റമോൾ ഗുളികയ്ക്കായി ഈ രണ്ട് വർഷങ്ങളിൽ ചെലവായ തുക എത്ര ;

(ഡി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തിട്ടുള്ള പാരസെറ്റമോൾ ഗുളിക ഗുണനിലവാരമില്ലാത്തതാണെന്നും ഉപയോഗിക്കാൻ പാടില്ലായെന്നും ഡ്രഗ്സ് ഇൻസ്പെക്ടറുടെ പരിശോധനയിൽ കണ്ടുപിടിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഇ) ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ പാരസെറ്റമോൾ ഗുളികകൾ നിലവിൽ ആവശ്യത്തിന് ലഭ്യമാണോ ;

(എഫ്) തൃശ്ശൂർ ജില്ലയിൽ പാരസെറ്റമോൾ ഗുളിക വിതരണം ചെയ്ത ഏതൊക്കെ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്തതാണെന്ന് ഡ്രഗ്സ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വിതരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ ഗുളിക വിതരണം ചെയ്ത കമ്പനികൾ ഏതൊക്കെയാണ് ; ഇവയ്ക്ക് പേയ്മെന്റ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സംഖ്യ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്നും വിതരണം ചെയ്ത പാരസെറ്റമോൾ ഗുളികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

2001-02 - 54,06,000

2002-03 - 64,85,190

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ വിതരണം ചെയ്ത പാരസെറ്റമോൾ ഗുളികയുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, മുരുകൻ ഫാർമ, ഫാർമസ്യൂട്ടിക്കൽ ആന്റ് കെമിക്കൽസ് ട്രാവൻകൂർ, നെസ്റ്റർ ഫാർമസ്യൂട്ടിക്കൽസ്, കാമെറിൻ വെറൈറ്റി ഫാർമ, വ്യാസാ ഡ്രഗ്സ്, റ്റി.സി. ഫാർമ തുടങ്ങിയ കമ്പനികളിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയത്.

(സി) മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി 17,03,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. റിപ്പോർട്ടുകളുടെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

(ഇ) ലഭ്യമാണ്.

(എഫ്) തൃശ്ശൂർ ജില്ലയിൽ പൂന്തുറ പ്രൈമറി ഹെൽത്ത് സെന്ററിൽ വിതരണം ചെയ്ത പാരസെറ്റമോൾ ഗുളിക ഗുണനിലവാരം കുറഞ്ഞതാണ് എന്നുള്ള റിപ്പോർട്ടിനെ തുടർന്ന് വിതരണം തടഞ്ഞിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലാ മെഡിക്കൽ സ്റ്റോറിലും ഗുണനിലവാരമില്ലാത്ത പാരസെറ്റമോൾ ഗുളികയുടെ വിതരണം തടഞ്ഞിട്ടുണ്ട്.

(ജി) ഗുണനിലവാരമില്ലാത്ത പാരസെറ്റമോൾ ഗുളികകൾ വിതരണം ചെയ്ത കമ്പനികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. വ്യാസാ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, ആലപ്പുഴ
2. മോഡേൺ ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസ്, തിരൂർ

ഈ കമ്പനികൾക്ക് നൽകിയ തുകയുടെ വിവരം ശേഖരിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി.കളുടെ പ്രവർത്തനം

139 (4574) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരവധി ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി.കളിൽ നിർമ്മിച്ച വാർഡുകൾ, വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly